പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1825 01.11.2019-ലെ മറുപടിക്ക്

## ആകാശപ്പാതയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോട്ടയം നഗരത്തിന്റെ ഹൃദയ ഭാഗത്ത് ഗതാഗതവകുപ്പിന്റെ കീഴിലായി നിർവ്വഹണം നടത്തി വരുന്ന 'സ്കൈ വാക്ക്' (ആകാശപ്പാത)ന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീ കരണത്തിന് കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് ഗതാഗത വകുപ്പിന്റെ കീഴിൽ അഞ്ചു കോടി പതിനെട്ട ലക്ഷം രൂപ മുതൽ മുടക്കിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് "ആകാശപാത" പദ്ധതി നിർമ്മാണം നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 1.75 കോടി രൂപ കേരള റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് നിർമ്മാണ ഏജൻസിയായ KITCO യ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് ഫൗണ്ടേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണം പൂർത്തിയായ തായും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് സ്ഥലമേറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മൂലം കാലതാമസം ഉണ്ടാവുന്നതായും KITCO അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയ്ക്കായി മൊത്തം എത്ര രൂപ ചെലവ് പ്രതീ ക്ഷിക്കുന്നു; | (ബി) | ഈ പദ്ധതിയ്ക്കായി 5 കോടി 18 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുകയായി സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| (സി) | ആകാശപ്പാത പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കി ഈ സാമ്പത്തിക വർഷം തന്നെ പൊതുജന ങ്ങൾക്ക് ഉപയോഗയോഗ്യമാ | (സി) | ആകാശപ്പാത (Sky walk) പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതും, സ്ഥലം ലഭ്യമല്ല എന്ന KITCO യുടെ റിപ്പോർട്ടും 34-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ പരിഗണിക്കുകയും പദ്ധതി എത്രയും |

| | | | |
|---|---|---|---|
| | ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | | പെട്ടെന്ന് പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട വരുടെ യോഗം വിളിച്ച് ചേർക്കണമെന്ന് റോഡ് സുരക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. തുടർന്ന്, 05.09.2019-ന് സ്ഥലം എം.പി, എം.എൽ.എ, ജില്ലാ കളക്ടർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സ്ഥലം ഉടമകൾ എന്നിവരുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ പ്രസ്തുത യോഗം മാറ്റി വയ്ക്കുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർത്ത് പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**